"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിനു സർക്കാരിൽ നിന്ന് അനുവദിക്കുന്ന പദ്ധതിയേതര ധനസഹായം സ്വീകരിക്കുന്നതിനായി ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ)നം. 5284/2021/ധന** **തീയതി, തിരുവനന്തപുരം, 04.08.2021**

---

പരാമർശം :- 1. 04.01.2021 ലെ 01/2021/ധന നമ്പർ സർക്കുലർ
2. സ.ഉ (സാധാ) നം. 737/2021/തൊഴിൽ തീയതി 15.06.2021.
3. ലേബർ കമ്മീഷണറുടെ 06.07.2021 ലെ ഡബ്ല്യൂ(1) 3665/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 ലെ സർക്കുലർ പ്രകാരം പ്ലാൻ തുകകൾ PSTSB അക്കൗണ്ടിലേക്കും നോൺ പ്ലാൻ തുകകൾ STSB അക്കൗണ്ടിലേക്കും മാത്രമെ ക്രെഡിറ്റ് ചെയ്യാൻ സാധിക്കുകയുള്ളു എന്നും ആയതിനാൽ കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിലവിലില്ലാത്തതിനാൽ പരാമർശം 2 ലെ ഉത്തരവ് പ്രകാരം കോവിഡ് ധനസഹായത്തിനായി അനുവദിച്ച തുക വിതരണം ചെയ്യുന്നതിലേയ്ക്കായി സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ലേബർ കമ്മീഷണർ പരാമർശം 3 ലെ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിനു സർക്കാരിൽ നിന്ന് അനുവദിക്കുന്ന പദ്ധതിയേതര ധനസഹായം സ്വീകരിക്കുന്നതിനായി ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറുടെ കാര്യാലയം, തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 695033
തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് (UO (F) No. LBRD-D1/153/2021-LBRD- Computer No. 1800657)
ധനകാര്യ (തൊഴിൽ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E File No: 1812923)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ